പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1554 — 15.02.2016 ലെ മറുപടിയ്ക്ക്

## കർഷക കടാശ്വാസ കമ്മീഷൻ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി. കെ. എസ്. സലീഖ | | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരമേറ്റതിനു ശേഷം സാമ്പത്തിക പ്രതിസന്ധി മൂലവും കടക്കെണിയിൽപ്പെട്ടും നാളിതുവരെ എത്ര കർഷകർ ആത്മഹത്യ ചെയ്തു; വിശദമാക്കുമോ ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമ്പത്തിക പ്രതിസന്ധി മൂലവും കടക്കെണിയിൽപ്പെട്ടും നാളിതുവരെ 58 കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ട്. |
| (ബി) | ഇത്തരത്തിൽ ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങളെ സഹായിക്കുവാൻ നാളിതുവരെ എന്തു തുക ധനസഹായമായി ചിലവഴിച്ചു; കർഷകരുടെ എത്ര ബാങ്ക് ലോണുകൾ എഴുതിതള്ളാൻ നിർദ്ദേശം നൽകി; വിശദാംശം വ്യക്തമാക്കുമോ ; | (ബി) | ഇത്തരത്തിൽ ആത്മഹത്യ ചെയ്ത 31 കർഷകരുടെ കുടുംബങ്ങൾക്ക് ഒരു ലക്ഷം രൂപ വീതവും 5 കർഷകരുടെ കുടുംബങ്ങൾക്ക് 50,000/- രൂപ വീതവും ധനസഹായം നൽകിയിട്ടുണ്ട്. പ്രസ്തുത കർഷകരുടെ ബാങ്ക് ലോണുകൾ എഴുതിതള്ളാൻ നിർദ്ദേശം നൽകിയിട്ടില്ല. |
| (സി) | ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബത്തിന് കർഷക കടാശ്വാസ കമ്മീഷൻ ശിപാർശ പ്രകാരം എന്തെല്ലാം സഹായങ്ങൾ നാളിതുവരെ ലഭ്യമാക്കി; വ്യക്തമാക്കുമോ ; | (സി) | 2006- ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്ട് നിലവിൽ വന്ന 18.01.2007- നോ അതിനു മുമ്പോ കർഷകരിൽ നിന്ന് ലഭിക്കേണ്ട ബാധ്യതകൾക്കാണ് കമ്മീഷൻ കടാശ്വാസം ശിപാർശ ചെയ്യുന്നത്. കർഷക ആത്മഹത്യ അധികമായി റിപ്പോർട്ട് ചെയ്തിട്ടുള്ള വയനാട് ജില്ലയിലെ കർഷകരുടെ 31.10.2011 വരെയുള്ള കടങ്ങളും കമ്മീഷന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. കൂടാതെ കമ്മീഷനിൽ അപേക്ഷ സമർപ്പിക്കുന്നതിനുള്ള തീയതി 31.10.2015 വരെ ദീർഘിപ്പിച്ചുനൽകുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ കടക്കെണിയിലകപ്പെട്ട എല്ലാ കർഷകർക്കും കമ്മീഷൻ കടാശ്വാസം ശിപാർശ ചെയ്യുന്നുണ്ട്. |
| (ഡി) | ഈ സർക്കാർ കാലയളവിനുള്ളിൽ നാളിതുവരെ കർഷക കടാശ്വാസ കമ്മീഷൻ മുഖേന എത്ര തുക വിതരണം ചെയ്തുവെന്ന് വ്യക്തമാക്കുമോ ; | (ഡി) | കർഷക കടാശ്വാസ കമ്മീഷന്റെ ശിപാർശ പ്രകാരം ഈ സർക്കാർ കാലയളവിനുള്ളിൽ നാളിതുവരെ 89.39 കോടി രൂപ ബന്ധപ്പെട്ട ബാങ്കുകൾക്ക്/സഹകരണ സംഘങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്. |

(ഇ) ഇക്കാലയളവിനുള്ളിൽ നാളിതുവരെ കർഷക കടാശ്വാസ കമ്മീഷൻ എത്ര അപേക്ഷകൾ സ്വീകരിക്കുകയുണ്ടായി; ആയതിൽ എത്രയെണ്ണം തീർപ്പുകൽപ്പിക്കുകയുണ്ടായി; ആയതു പ്രകാരം എത്ര തുക കമ്മീഷൻ ശിപാർശ ചെയ്തു; ഇതിൽ എത്ര തുക നാളിതു വരെ നൽകി; വിശദാംശം വ്യക്തമാക്കുമോ ?

(ഇ) സംസ്ഥാന കർഷക കടാശ്വാസ കമ്മീഷനിൽ വ്യക്തിഗത അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതിയായി നിശ്ചയിച്ചിരുന്ന 31.05.2009-നകം ലഭിച്ചിരുന്ന 4,11,782 അപേക്ഷകളിൽ 2,14,009 എണ്ണം ഇക്കാലയളവിൽ തീർപ്പാക്കുകയും അവയിൽ 90,42,51,594 /-രൂപ കടാശ്വാസമായി ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. വയനാട് ജില്ലയിലെ കർഷകരുടെ 31.10.2011 വരെയുള്ള കടങ്ങൾ കമ്മീഷന്റെ പരിധിയിൽ കൊണ്ടു വന്നതിനെ തുടർന്ന് ലഭിച്ച 21,750 അപേക്ഷകളിൽ 12,558 എണ്ണം തീർപ്പാക്കുകയും അവയിൽ 11,15,03,077/-രൂപ കടാശ്വാസമായി ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. കമ്മീഷനിൽ വ്യക്തിഗത അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള തീയതി 31.10.2015 വരെ ദീർഘിപ്പിച്ചതനുസരിച്ച് 43,666 അപേക്ഷകൾ കൂടി നിലവിൽ ലഭിച്ചിട്ടുണ്ട്.

കമ്മീഷന്റെ ശിപാർശ പ്രകാരം ഈ സർക്കാർ കാലയളവിനുള്ളിൽ നാളിതുവരെ 89.39 കോടി രൂപ ബന്ധപ്പെട്ട ബാങ്കുകൾക്ക്/സഹകരണ സംഘങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ